
# PROFILE



| | | |
|---|---|---|
| Name of the school | : | St. George’s Highschool Koottickal |
| Name of Village | : | Koottickal |
| School code | : | 32012 |
| Date of Establishment | : | 1936 |
| Name of Panchayath | : | Mundakkayam |
| Name of Block | : | Kanjirappally |
| Name of BRC | : | Kanjirappally |
| Name of Subdistrict | : | Kanjirappally |
| Name of District | : | Kottayam |
| Name of School Manager | : | Rev.Fr.Joseph Vadakkemangalathu |
| Name of HM | : | Sri.Tom Abraham |
| Phone Number | : | 94461 26621 |
| Senior Assistant | : | Smt. Shiji Jacob |

# ആമുഖം

കിഴക്കൻകുരിശുമലയോടു ചേർന്നു കിടക്കുന്ന മലയോര പ്രദേശമാണ് കൂട്ടിക്കൽ .കൂട്ടിക്കൽ ഗ്രാമത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ്.സെന്റ് ജോർജ്ജ് എച്ച് എസ് . കൂട്ടിക്കൽ ഇടവക 1953-ൽ സ്ഥാപിച്ച ഈ വിദ്യാലയം കോട്ടയം ജില്ലയിലെ പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാകുന്നു.

മണിമലയാറിന്റെ തീരത്ത് ഉയിർകൊണ്ട് കൂട്ടിക്കൽ എന്ന ചിരപുരാതന ഗ്രാമത്തിന് അക്ഷര വിശുദ്ധിയുടെ വർണ്ണപ്രഭ വിതറിയ വിദ്യാലയമാണ് സെന്റ്. ജോർജ് ഹൈസ്കൂൾ. സർ സി.പി. രാമസ്വാമി അയ്യരുടെ ഭരണകാലത്ത് ശ്രീ കെ.വി. തോമസ് പൊട്ടംകുളത്തിന്റെ ശ്രമഫലമായി 1934 ൽ ആരംഭിച്ച ഇംഗ്ലീഷ് മിഡിൽ സ്കൂൾ 1949 ൽ കുട്ടിക്കൽ സെന്റ്. ജോർജ് പള്ളിയുടെ ഉടമ സ്ഥതയിൽ വന്നു. കുട്ടിക്കൽ ഇടവകയിൽ സേവനമനുഷ്ഠിച്ച് പൂർവ്വകാല വൈദിക ശ്രേഷ്ഠരുടെയും ജനങ്ങളുടെയും ദീർഘവീക്ഷണവും നിതാന്ത പരിശ്രമവുമാണ് ഈ സ്കൂളിന്റെ വളർച്ചയ്ക്ക് പിന്നിലെ ചാലകശക്തി.1952 ൽ സ്കൂളിന്റെ കെട്ടിടം പണി ആരംഭിച്ചു. 1953 ൽ ഹൈസ്കൂൾ ആയി ഉയർത്തി. പാഠ്യ പാഠ്യേതര രംഗത്ത് സംസ്ഥാനാനന്തര മികവുകൾക്ക് സാക്ഷ്യം വഹിച്ച സ്കൂളിന് 1984 ലാണ് ഇന്നുകാണുന്ന രീതിയിലുള്ള കെട്ടിടം പണികഴിപ്പിച്ചത്. നാനാ ജാതി മതസ്ഥർ തിങ്ങിപ്പാർക്കുന്ന നമ്മുടെ നാടിന് അറി വിന്റെ നിറവും ജീവിത ദർശനങ്ങളും നൽകി കാലങ്ങളായി 100% വിജയം കൊയ്യുന്ന ഈ കലാലയ മുത്തശ്ശി എന്നും നമുക്കഭിമാനമാണ്.

## ഭൗതികസൗകര്യങ്ങൾ

രണ്ട് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 18 ക്ലാസ് മുറികളും ഒരു കമ്പ്യൂട്ടർ ലാബുമുണ്ട്. വിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം 16 കമ്പ്യൂട്ടറുകളുണ്ട്. ബ്രോഡ്ബാ3റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. ആഴ്ചയിൽ ഒരു ദിവസം യോഗാ ക്ലാസ്സുകൾ കുട്ടികൾക്കു നല്കി വരുന്നു. 7 ക്ലാസ് മുറികൾ ഹൈട്ടക്ക് ആക്കിയിരിക്കുന്നു. സമഗ്രപോർട്ടൽ, ICT സാധ്യതകൾ ഉപയോഗിച്ച് അദ്ധ്യാപകർ ക്ലാസ് എടുക്കുന്നു.

## പഠന നിലവാരം

സെൻറ് ജോർജ് ഹൈസ്കൂൾ അതിന്റെ സുവർണനീയമായ വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞപ്പോൾ 74 SSLC ബാച്ചുകൾ പൊതുപരീക്ഷ വിജയകരമായി പൂർത്തിയാക്കി കഴിഞ്ഞിരിക്കുന്നു.തുടർച്ചയായ 16 വർഷം 100% വിജയം കൈവരിച്ചു.. വിവിധ റാങ്കുകൾ പല വർഷങ്ങളിലായി കരസ്ഥമാക്കുകയുണ്ടായി. ഗ്രേഡിങ് സമ്പ്രദായം നിലവിൽ വന്നത് മുതൽ ഫുൾ എ പ്ലസിന്റെ കാര്യത്തിലും മുൻപന്തിയിൽ എത്താൻ കഴിഞ്ഞു എന്നത് അഭിമാനം ഉണ്ടാക്കുന്ന കാര്യമാണ്. മാനേജ്മെ3റിന്റേയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും സംഘടിതവും ആത്മമാർത്ഥവുമായ പരിശ്രമവും സർവ്വോപരി സർവ്വേശ്വരന്റെ അനുഗ്രഹവുമാണ് ഈ വിജയത്തിന് പിന്നിലുള്ളത്.

## പാഠ്യേതര രംഗങ്ങൾ

കുട്ടികളിൽ സമഗ്ര വിദ്യാഭ്യാസം നടപ്പിലാക്കുക എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് **സെൻറ് ജോർജ് ഹൈസ്കൂൾ** വിട്ടുവീഴ്ചയില്ലാതെ കർമ്മനിരതമായി പ്രവർത്തിച്ചുവരുന്നു.അക്കാദമിക പ്രവർത്തനങ്ങളോടൊപ്പം തന്നെ പാഠ്യേതര രംഗങ്ങളിലും കുട്ടികളുടെ സമഗ്ര വികസനം സാധ്യമാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ഗൈഡ്സ്, ലിറ്റിൽ കൈറ്റ്സ്, റെഡ് ക്രോസ് എന്നിവയുടെ പ്രവർത്തനം വളരെ മികച്ച രീതിയിൽ തന്നെ മുന്നോട്ടു പോകുന്നു. . സംഘടനകളുടെ പ്രവർത്തനങ്ങളും വളരെ നല്ല രീതിയിൽ നടക്കുന്നു ശാസ്ത്ര ഗണിത ശാസ്ത്ര സാമൂഹ്യ ശാസ്ത്രം ഐടി ക്ലബ്ബുകൾ, പ്രവർത്തിപരിചയ ക്ലബ്ബുകൾ ,നേച്ചർ ക്ലബ്ബ്, ഹെൽത്ത് ക്ലബ് എന്നിങ്ങനെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളും സജീവമായി നടക്കുന്നു. കലാകായിക പ്രവർത്തിപരിചയമേളകളിൽ കുട്ടികൾ പങ്കെടുക്കുകയും വിജയികളാവുകയും ചെയ്യുന്നു സാമാന്യം സൗകര്യങ്ങളുള്ള ലാബും ലൈബ്രറിയും മറ്റ് ഭൗതിക സൗകര്യങ്ങളും ഉണ്ട് എന്നുള്ളത് സംതൃപ്തി നൽകുന്നു സ്കൂൾ പാർലമെൻറ് കുട്ടികളുടെ നേതൃത്വത്തെയും അച്ചടക്കത്തോടെയുള്ള ചിട്ടയായ പ്രവർത്തനങ്ങളെയും സ്വാധീനിക്കുന്നു. കുട്ടികളുടെ നേതൃത്വത്തിൽ തന്നെ സ്കൂൾ അസംബ്ലികൾ നടന്നുവരുന്നു 200ൽ പരം കുട്ടികൾ സ്കൂളിൽ നിന്നും സംതൃപ്തിയോടെ ഉച്ചഭക്ഷണം കഴിക്കുന്നു നൂൺ മീൽപ്രോഗ്രാം കമ്മിറ്റി മാസത്തിൽ ഒരിക്കൽ ചേരുകയും വിലയിരുത്തലുകൾ നടത്തുകയും ചെയ്തു വരുന്നു.

## *List of Staff 2024-2025*

**Headmaster : Sri.Tom Abraham**

**Senior Assistant : Smt.Shiji Jacob**

| Sl.No. | Class Charge | Name | Designation | Club in charge |
|---|---|---|---|---|
| 1 | | Sreedevi K R | LGFT Hindi | ,Language Club |
| 2 | V - A | Alphy John | UPST | Social science,English club |
| 3 | V - B | Vimala Sebastian | UPST | Maths club |
| 4 | VI - A | Sijo Jose | UPST | Scout |
| 5 | VI - B | Janet Mathews | UPST | Art club, nature club Noon Meal |
| 6 | VI- C | Alphonsa Sebastian | UPST | English club,sports |
| 7 | VII - A | Naicy T S | UPST | English club |
| 8 | VII - B | Arya Gopinath | UPST | Red Cross |
| 9 | VII -C | Nisha Joseph | UPST | Vidyarangam |
| 10 | | Sr. Anu Joseph | UPST | Society |
| 11 | | Devasiachen P.J | Phy. Edn | Farmers club, Sports Club |
| 12 | | Sajimon P.P | Drawing | Nature Club |

| | | | | |
|---|---|---|---|---|
| 13 | | Sr.Elsamma George | HST -Social Science | Programme & Social Sci. Club |
| 14 | VIII -A | Sr.Shareen | HST-English | Art, Language Club |
| 15 | VIII -B | Manju Thomas | HST-Hindi | Programme Committe |
| 16 | VIII-C | Thomas Sebastian | HST-Malayalam | Arts cub, Little Kites |
| 17 | IX - A | Anju K Paul | HST-Mathematics | Maths club |
| 18 | IX - B | Shiji Jacob | HST-Physical Science | Science club, |
| 19 | IX - C | Resmi P.J | HST-Malayalam | Vidyarangam, Guiding |
| 20 | X - A | Majimol George | HST-Mathematics | Maths club, Little Kites |
| 21 | X -B | Daliya P Mathew | HST-Social Science | Programme & Social Sci. Club |
| | X -C | Milen Bastin | HST-English | Art, Language Club |
| 22 | | Sr. Biya Mathew | HST – Natural Science | |
| 23 | | Jisa Anni Jose | HST-Physical Science | SITC,SRG Conviner |
| **Office Staff** | | | | |
| 24 | Jayan Francis | | Clerk | |
| 27 | Prince Thomas | | Office Attendant | |
| 28 | Roby Cherian | | Office Attendant | |
| 29 | Binu Tom | | F.T.M | |

## *അടിസ്ഥാന സൗകര്യങ്ങൾ - നിലവിലുള്ളവ*

| | | | |
|---|---|---|---|
| ക്ലാസ് റൂം | 15 | ക്ലാസ് മുറിയിൽ റാംപ് | NO |
| ആൺകുട്ടികൾക്കുള്ള ടോയ്ലെറ്റ് | 8 | കമ്പ്യൂട്ടർ ലാബ് | 1 |
| പെൺകുട്ടികൾക്കുള്ള ടോയ്ലെറ്റ് | 15 | റീഡിംഗ് റൂം | YES |
| ഹെഡ്മിസ്ട്രസ് റൂം | 1 | സ്കൂൾ ബസ് | YES |
| സ്റ്റാഫ് റൂം | 1 | സ്റ്റേജ് | 1 |
| കളിസ്ഥലം | YES | കമ്പ്യൂട്ടർ | 1 |
| അടുക്കള | YES | ലാപ്ടോപ്പ് | 27 |
| ലാബ് | YES | എൽസിഡി പ്രൊജക്ടർ | 7 |
| ചുറ്റുമതിൽ | YES | ഇൻറർനെറ്റ് | YES |
| ലൈബ്രറി | YES | സൗണ്ട് സിസ്റ്റം | YES |
| കിണർ | 1 | ഗ്രീൻ ബോർഡ് | NO |
| സ്മാർട്ട് ക്ലാസ് റൂം | 6 | സ്മാർട്ട് ടിവി | 1 |
| വെബ് സൈറ്റ് | YES | Blog | YES |
| DSLR CAMERA | 1 | USB SPEAKER | 6 |
| PRINTER | 1 | WEB CAM | 1 |

*അടിസ്ഥാന സൗകര്യങ്ങൾ*   **ആവശ്യമുള്ളത്**

- **പാചകപ്പുര** മെച്ചപ്പെടുത്തുക -സാമ്പത്തിക സഹായം
- മൾട്ടിമീഡിയറൂം -ഇല്ല, സാമ്പത്തിക സഹായം
- **പെൺകുട്ടികൾക്ക്** ടോയ്‌ലറ്റ് സൗകര്യം - മെച്ചപ്പെടുത്തുക സാമ്പത്തിക സഹായം
- ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക - ലാബിലെ വിവിധ ഉപകരണങ്ങൾ വാങ്ങുക സാമ്പത്തിക സഹായം
- ലൈബ്രറി വികസിപ്പിക്കുക - കൂടുതൽ പുസ്തകങ്ങളുടെ ശേഖരണം, വായനാ മുറി
- എല്ലാ ക്ലാസുകളിലും പ്രൊജക്ടർ സംവിധാനം ഒരുക്കുക - സാമ്പത്തിക സഹായം
- കുട്ടികളുടെ കളിസ്ഥലം കൂടുതൽ മെച്ചപ്പെടുത്തുക - കളിക്കുവാനുള്ള ഫുട്ബോൾ , ഷട്ടിൽ ,ക്യാരംസ്, ചെസ് ബോർഡ്, മറ്റ് കളി സാധനങ്ങൾ എന്നിവ വാങ്ങുക

## വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സുഗമമാക്കൽ

- SRG എല്ലാ മാസവും UP, HS തിരിച്ച് രണ്ടു തവണ ചേരുന്നു.
- PTA സുഗമമായി പ്രവർത്തിക്കുന്നു
- MPTA സുഗമമായി പ്രവർത്തിക്കുന്നു
- LAB സുഗമമായി പ്രവർത്തിക്കുന്നു
- LIBRARY സുഗമമായി പ്രവർത്തിക്കുന്നു

## കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തന മികവുകൾ

- എസ്.എസ്.എൽ.സി - 100 % വിജയം തുടർച്ചയായ 13 വർഷങ്ങൾ
- കലാസാഹിത്യ മത്സരങ്ങളിൽ മികച്ച നിലവാരം
- ഹൈടെക് ക്ലാസ് റൂമുകൾ
- ഐ ടി ലാബ്
- കായിക മത്സരങ്ങളിൽ വിജയങ്ങൾ
- ശാസ്ത്ര, ഗണിത ശാസ്ത്ര സാമൂഹ്യ ശാസ്ത്ര ഐടി മേളകളിലെ വിജയം
- പ്രവൃത്തി പരിചയമേളയിലെ മികച്ച വിജയം

## വിവിധ സംഘടനകൾ, ക്ലബ്ബുകൾ

- സ്കൗട്ട് യൂണിറ്റ്
- ഗൈഡ്സ്
- റെഡ്ക്രോസ്
- ലിറ്റിൽ കൈറ്റ്സ്
- സയൻസ് ക്ലബ്ബ്
- ഗണിതശാസ്ത്ര ക്ലബ്
- സോഷ്യൽ സയൻസ് ക്ലബ്ബ്
- വിദ്യാരംഗം കലാസാഹിത്യവേദി
- ഹെൽത്ത് ക്ലബ്ബ്
- നേച്ചർ ക്ലബ്ബ്
- അഡ്വാർട്ട് ക്ലബ്ബ്
- വർക്ക് എക്സ്പീരിയൻസ് ക്ലബ്ബ്
- ഐ. റ്റി. ക്ലബ്ബ്
- ഓററ്ററി ക്ലബ്ബ്
- ട്രാഫിക് ആൻഡ് സ്കൂൾ പ്രൊട്ടക്ഷൻ ക്ലബ്

# അക്കാദമികം

## ഉപമേഖല – I വായനയെ പ്രോത്സാഹിപ്പിക്കുക

**ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികളെയും വായനയിലേക്ക് ആകർഷിക്കുക
- വായന അനുഭവങ്ങൾ പങ്കിടുന്നതിന് അവസരം സൃഷ്ടിക്കുക
- വായനയുടെ വ്യത്യസ്ത തലങ്ങൾ പരിചയപ്പെടുത്തുക
- രചനാപരമായ കഴിവ് ഉറപ്പാക്കുക

**പ്രവർത്തനങ്ങൾ**

- വീട്ടിൽ നിന്നും പുസ്തകങ്ങൾ കുട്ടികൾ വഴി ശേഖരിക്കുന്നു
- പുസ്തകങ്ങൾ തരംതിരിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നു
- പൊതുവായ വായന മുറി സജ്ജീകരിക്കുന്നു
- വായന കുറിപ്പ് തയ്യാറാക്കുന്നതിനുള്ള സൗകര്യം
- പത്രമാസികകളുടെ ലഭ്യത
- പ്രയോജനപ്പെടുന്ന പുസ്തകങ്ങൾ നിർദ്ദേശിച്ച അവയെ അടിസ്ഥാനമാക്കി ആസ്വാദനക്കുറിപ്പ് മത്സരം നടത്തുന്നു
- കഥാകവിത വായനയിലൂടെ സർഗ്ഗശേഷി വളർത്തിയെടുക്കുന്നു
- സംസ്ഥാനതല വായന മത്സരങ്ങളിലേക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു

- പ്രസംഗം, രചനാ മത്സ ങ്ങൾ, ക്വിസ് മത്സരം എന്നീ മേഖലകളിൽ കുട്ടികളുടെ സാന്നിധ്യം ഉറപ്പാക്കുന്നു
- വായനാദിനവും വായനാവാരാഘോഷവും പ്രഗൽഭരായ സാഹിത്യകാരന്മാരുടെയും കവികളുടെയും സാന്നിധ്യം ഉറപ്പുവരുത്തി കൊണ്ട് സമുചിതമായ ആചരിക്കുന്നു

## ഉപമേഖല – II അസംബ്ലി ചിട്ടയായ അവതരണം പരിശീലനം, സർഗ്ഗ വേളകൾ

ലക്ഷ്യങ്ങൾ

- പൊതുവേദിയിൽ എല്ലാവരെയും അഭിമുഖീകരിക്കുന്നതിനുള്ള കഴിവ് നേടുക
- ഭാഷ ജ്ഞാനം വർദ്ധിപ്പിക്കുക
- ആത്മവിശ്വാസം , ആത്മധൈര്യം എന്നിവ വളർത്തൽ
- അറിവ് പങ്കുവയ്ക്കാനുള്ള അവസരം
- വ്യക്തിഗത അവതരണത്തിനുള്ള അവസരം

പ്രവർത്തനങ്ങൾ

- ഓരോ ക്ലാസിനും അസംബ്ലി നടത്തുന്നതിനുള്ള അവസരം
- ന്യൂസ് റീഡിംഗ്
- വ്യക്തിപരമായ പരിപാടികളുടെ അവതരണം - ഗാനം ,പ്രസംഗം മുതലായവ
- ഗ്രൂപ്പ് അവതരണം
- ഭാഷ അടിസ്ഥാനത്തിൽ അസംബ്ലി - മലയാളം ,ഇംഗ്ലീഷ്, ഹിന്ദി
- കുട്ടികൾ തന്നെ തയ്യാറാക്കുന്ന സ്വർഗ്ഗവേളകൾ

- വിവിധ കലാപ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ അവതരിപ്പിക്കുന്നതിലൂടെ കുട്ടികളുടെ സർഗാത്മകത വികസിക്കുവാൻ പ്രാപ്തരാകുന്നു
- സഭാകമ്പം ഇല്ലാതെ സദസിനെ അഭിമുഖീകരിക്കുന്നതിനുള്ള കഴിവ് നേടുന്നു
- സംഘാടക കഴിവുകൾ വികസിക്കുന്നതിലൂടെ കുട്ടികൾ സമൂഹത്തിൽ അറിയപ്പെടുന്ന നിലകളിൽ എത്തുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ ഓർഗനൈസിംഗ് പവർ നേടുന്നു.

## ഉപമേഖല - III മാധ്യമ പ്രവർത്തനം

**ലക്ഷ്യങ്ങൾ**

- സർഗ്ഗശേഷിയെ വളർത്തുക
- സ്കൂളിലെ നല്ല പ്രവർത്തനങ്ങളെ സമൂഹമദ്ധ്യത്തിൽ എത്തിക്കുക.
- സ്കൂളിന്റെ വ്യക്തിത്വം കൂടുതൽ തലങ്ങളിലേക്ക് വ്യാപിക്കുക

**പ്രവർത്തനങ്ങൾ**

- സ്കൂൾ മാഗസിൻ തയ്യാറാക്കൽ
- കുട്ടികളുടെ രചനയെ പ്രോത്സാഹിപ്പിക്കുന്നു
- ചിത്രങ്ങളും വാർത്തകളും നേരിട്ട് സ്കൂളുകൾ കുട്ടികളിലേക്ക്
- സ്കൂൾ സ്വന്തമായി വെബ് പേജ്, ഫേസ് ബുക്ക് അക്കൗണ്ട് , സ്കൂൾ വിക്കി
- സ്കൂൾ റേഡിയോ

## ഉപമേഖല *IV* - കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്

**ലക്ഷ്യങ്ങൾ**

- ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുക
- മാതൃഭാഷ പോലെ തന്നെ അനായാസം ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കുന്നു
- ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക്
- കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കൽ
- വ്യക്തിത്വ വികസനം സാധ്യമാക്കുക
- പുതിയ ക്ലാസ്സ് അന്തരീക്ഷം സൃഷ്ടിക്കുക

**പ്രവർത്തനങ്ങൾ**

- സ്പോക്കൺ ഇംഗ്ലീഷ് പരിശീലനത്തിന് സ്കൂളിന് പുറമേ നിന്നുള്ള ഇംഗ്ലീഷ് അധ്യാപകരുടെ സേവനം ഉപയോഗിക്കുന്നു
- ക്ലാസ് തിരിച്ച് പരിശീലനം നൽകുന്നു
- മാസത്തിൽ രണ്ട് തവണ ക്ലാസ് *Session* തിരിക്കുന്നു
- പൊതുവായി ഇംഗ്ലീഷ് മീഡിയം ക്ലാസുകളിൽ ആശയവിനിമയം ഇംഗ്ലീഷിൽ
- ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് അസംബ്ലി
- ഇംഗ്ലീഷ് പ്രസംഗം സ്കിറ്റ് എന്നിവയുടെ അവതരണം

## ഉപമേഖല V - കൗൺസിലിംഗ്

**ലക്ഷ്യങ്ങൾ**

- വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തൽ
- കുട്ടികളുടെ ഗാർഹികവും വിദ്യാലയപരവുമായ അന്തരീക്ഷം പഠനത്തിനായി ഒരുക്കുക
- രക്ഷിതാക്കൾക്ക് തുറന്ന അഭിപ്രായം പറയുന്നതിനുള്ള അവസരം

**പ്രവർത്തനങ്ങൾ**

- സ്കൂളിലേക്ക് ഒരു ഔദ്യോഗിക കൗൺസിലറെ നിയമിക്കുന്നു.
- കൗൺസിലിങ്ങിന് മാത്രമായി ഒരു മുറി ക്രമീകരിക്കുന്നു
- വ്യക്തിഗത കൗൺസിലിംഗ് നൽകുന്നു
- ഗ്രൂപ്പ് കൗൺസിലിനുള്ള സൗകര്യം
- രക്ഷിതാക്കൾക്കും വ്യക്തിഗത കൗൺസിലിങ്ങിനുള്ള സൗകര്യം

# പൊതുലക്ഷ്യങ്ങൾ

| | ലക്ഷ്യം | പ്രവർത്തനരീതി | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായ എന്ന് ഉറപ്പുവരുത്തുക | ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാനശേഷി പരിശോധന പൂർത്തിയാക്കുന്നു. | ജൂൺ മാസം | അധ്യാപകർ | |
| 2. | പഠിതാക്കളെ കുറിച്ചുള്ള അധ്യാപകരുടെ ധാരണ വർദ്ധിപ്പിക്കുക | വിദ്യാർത്ഥികളുടെ ചുറ്റുപാടുകളെ കുറിച്ച് -സാമ്പത്തിക സാമൂഹിക ഭൗതിക വിശ്വസനീയമായ രീതിയിൽ വിവരശേഖരണം നടത്തുന്നു. | ജൂൺ-ജൂലൈ മാസം | ക്ലാസ് അധ്യാപകർ | |
| 3. | ഓരോ കുട്ടികളിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കുകയും ചെയ്യുന്നതിന് ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുക. | ഓരോ യൂണിറ്റിന്റെയും അവസാനത്തിൽ മൂല്യനിർണയം നടത്തുന്നു.<br>സിവിൽ സർവീസ്,കരിയർ ഗൈഡൻസ് വ്യക്തിത്വ വികസനം എന്നീ പരിശീലന കോഴ്സുകളിലൂടെ ഭാവി സാധ്യതകൾ പഠിതാക്കൾക്ക് തുറന്നുകൊടുക്കുന്നു. | മാസത്തിൽ ഒരിക്കൽ,<br>അക്കാദമിക വർഷം | ഹെഡ്മിസ്ട്രസ്-അധ്യാപകർ | PTA,<br>പൂർവ വിദ്യാർത്ഥി സംഘടന |
| 4. | പ്രത്യേക പരിഗണന അർഹിക്കുന്ന , പഠനം പിന്നോട്ട് നിൽക്കുന്ന കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തൽ,ക്ലാസ് പ്രവർത്തനങ്ങളിൽ പിന്നോക്കകാർക്ക് പ്രത്യേക പരിഗണന. | നിരന്തര മൂല്യനിർണയം നടത്തി പിന്നോക്ക അവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു.<br>ഐക്യൂ ടെസ്റ്റ് കുട്ടികളുടെ ഭൗതിക നിലവാരം കണ്ടെത്തുന്നു .<br>കുട്ടികളിൽ ആത്മവിശ്വാസവും ആത്മധൈര്യം പകർന്നു കൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | മൂന്ന് മാസത്തിൽ ഒരിക്കൽ<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം | അധ്യാപകർ | |
| 5. | പ്രകൃതി സൗഹൃദ ക്യാമ്പസ്, ജൈവവള നിർമ്മാണ യൂണിറ്റ്, പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക. | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക<br>പൂന്തോട്ടം മെച്ചപ്പെടുത്തൽ<br>പച്ചക്കറി തോട്ടം ,ഔഷധത്തോട്ടം നിർമ്മാണം<br>സ്കൂൾ ക്യാമ്പസ് -സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത മേഖലയെ പ്രഖ്യാപിക്കുന്നു<br>ജൈവവള യൂണിറ്റ് നിർമ്മാണം -പിടിഎ) സഹായത്തോടെ നടത്തുക | വർഷാവസാനം<br>അക്കാദമിക വർഷം | natureക്ലബ് അംഗങ്ങൾ<br>PTA-MPTA | PTA,<br>പൂർവ വിദ്യാർത്ഥി സംഘടന |
| 6. | കാലഘട്ടത്തിൻറെ സവിശേഷതകൾ മനസ്സിലാക്കി ധാർമികത മുൻനിർത്തിയുള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകുക | സന്മാർഗപാഠം ആഴ്ചയിലൊരിക്കൽ കാര്യക്ഷമമാക്കുന്നു.<br>ക്രിസ്ത്യൻ കുട്ടികൾക്ക് മതബോധനം<br>നവമാധ്യമങ്ങളുടെ ശരിയായ ഉപയോഗത്തെ പറ്റിയുള്ള ബോധവൽക്കരണം<br>കൗമാര വിദ്യാഭ്യാസം | ആഴ്ചയിൽ ഒരിക്കൽ<br>അക്കാദമിക വർഷം | അധ്യാപകർ<br>resource persons<br>ഹെഡ്മിസ്ട്രസ്-അധ്യാപകർ<br>scouts ,guides | school management<br>PTA<br>school management |

| | | | | | |
|---|---|---|---|---|---|
| 8. | കുട്ടികളിൽ സമൂഹത്തോടുള്ള പ്രതിബദ്ധതയുംസഹാനുഭൂതിയും വളർത്തിയെടുക്കുക<br>പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പിക്കൽ | പൊതിച്ചോറ് പദ്ധതി<br>ആ സമൂഹത്തിലെ ഏതെങ്കിലും ഒരു ആശ്രിത ഭവനത്തിൽ ആഴ്ചയിലൊരിക്കൽ പൊതിച്ചോറ് നൽകുന്ന പ്രവർത്തനം.<br>ചികിത്സാസഹായം ,പഠനസഹായം ,ഭവന നിർമ്മാണ സഹായം,വസ്ത്രസമാഹരണം എന്നിവ സ്കൗട്ട്സ് ഗൈഡ്സ് റെഡ് ക്രോസ് യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്നു.<br>പാഠ്യേതര പ്രവർത്തനങ്ങളും ദിനാചരണങ്ങളും ബന്ധപ്പെടുത്തുന്നു.<br>പാഠ്യേതര പ്രവർത്തനങ്ങളിൽ കൂടുതൽ പരിശീലനങ്ങൾ നൽകുന്നു. | അക്കാദമിക വർഷം | ഹെഡ്മിസ്ട്രസ്-<br>അധ്യാപകർ<br>സ്കൂൾ<br>പാർലമെന്റ്<br>അംഗങ്ങൾ | PTA<br>scouts and guides<br>redcross |
| 9. | വായന ,പൊതുവിജ്ഞാനം എന്നിവ വളർത്താനുള്ള പ്രവർത്തനങ്ങൾ | പത്രം ,ബാല മാസികകൾ -വായന വായനക്കുറിപ്പ് തയ്യാറാക്കൽ<br>ക്വിസ് മത്സരങ്ങൾ | അക്കാദമിക വർഷം | | |
| 10. | കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് | സ്പോക്കൺ ഇംഗ്ലീഷ് പരിശീലനത്തിന് സ്കൂളിന് പുറമേ നിന്നുള്ള ഇംഗ്ലീഷ് അധ്യാപകരുടെ സേവനം ഉപയോഗിക്കുന്നു | രണ്ട് വർഷത്തിനു-ള്ളിൽ | അധ്യാപകർ<br>resource persons | School management |
| 11. | മൾട്ടിമീഡിയ റൂം,<br>ലാബ് ,ലൈബ്രറി എന്നിവയുടെ നവീകരണം | മൾട്ടി മീഡിയ റൂമിന്റെ വികസനം,<br>ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തി പഠനപ്രക്രിയകൾ<br>ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക<br>ലാബിലെ വിവിധ ഉപകരണങ്ങൾ വാങ്ങുക<br>ലൈബ്രറി വികസിപ്പിക്കുക-കൂടുതൽ പുസ്തകങ്ങളുടെ ശേഖരണം,വായനാ മുറി<br>എല്ലാ ക്ലാസുകളിലും പ്രൊജക്ടർ സംവിധാനം | രണ്ട് വർഷത്തിനു-ള്ളിൽ | PTA | PTA |
| 12. | കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കുക | ഐസിടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.<br>ലഘുപഠന യാത്രകൾ ,പഠന ക്യാമ്പുകൾ ശില്പശാലകൾ വിദഗ്ധരുടെ ക്ലാസുകൾ ,സെമിനാറുകൾ തുടങ്ങിയ വൈവിധ്യമാർന്ന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക | രണ്ട് വർഷത്തിനു-ള്ളിൽ | PTA<br>ഹെഡ്മിസ്ട്രസ്-<br>അധ്യാപകർ | PTA<br>School management |
| 13. | ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും കുട്ടികളെ അകറ്റുക അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക | കുട്ടികൾക്കായി ഗൈഡൻസ് കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക സമൂഹമായ വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക | അക്കാദമിക വർഷം | ഹെഡ്മിസ്ട്രസ്-<br>അധ്യാപകർ | School management |

# വിഷയബന്ധിതമായ ആസൂത്രണം - മേഖല യുപി മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഭാഷാപരമായ ശേഷി രാഹിത്യം പരിഹരിക്കുക | ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാനശേഷി പരിശോധന പൂർത്തിയാക്കുന്നു .<br>കുട്ടികളെ മലയാള അക്ഷരങ്ങൾ എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു. | ജൂൺ,ജൂലൈ മാസങ്ങൾ | മലയാളം അധ്യാപകർ | |
| 2. | കുട്ടികളിൽ വായന തിരികെ കൊണ്ടുവരുക.മലയാള ഭാഷ തെറ്റില്ലാതെ വായിക്കാനും എഴുതാനും പഠിപ്പിക്കുക. | പ്രീ ടെസ്റ്റ് ,അക്ഷരമുറപ്പിക്കൽ<br>അക്ഷര കാർഡ് നൽകൽ,<br>ചിത്രം നൽകി കഥ പറയൽ കഥയെഴുതൽ ,<br>സി ഡി യിൽ ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് . | ജൂൺ മാസം രണ്ടാം വാരം | മലയാളം അധ്യാപകർ | പൂർവ വിദ്യാർത്ഥികൾ |
| 3. | കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക<br><br>കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | ക്ലാസ് വായനക്കൂട്ടം ,<br>വായന മൂല ,<br>ക്ലാസ് ലൈബ്രറി ,<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>സമീപ ഗ്രന്ഥശാലയിൽ അംഗത്വം. | അക്കാദമിക വർഷം | വിദ്യാരംഗം ക്ലബ് അംഗങ്ങൾ | |
| 4. | ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | വായനവാരം<br>വായനക്കുറിപ്പ് പതിപ്പ്<br>ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത ,പത്രവായന | | മലയാളം അധ്യാപകർ | |
| 5. | സാഹിത്യകൃതികളോട് സാഹിത്യകാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക. | പുസ്തക ചർച്ച<br>വായനക്കുറിപ്പ് തയ്യാറാക്കൽ ,<br>വ്യക്തിഗത രചന,<br>ഉപന്യാസരചന<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ | PTA |
| 6 | കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ . | പഠിതാക്കൾ അവരുടെ അവധിക്കാലം അനുഭവങ്ങൾ കഥ,കവിത യാത്രാനുഭവം,അനുഭവക്കുറിപ്പ് എന്നിങ്ങനെ വിവിധ രീതികളിൽ അവതരിപ്പിക്കുന്നു.<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു<br><br>സംവാദം സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു .പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കാഴ്ചകൾ ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു .വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു . | ഡിസംബർ മാസം<br><br>അക്കാദമിക വർഷം | ഹെഡ്മിസ്ട്രസ്<br><br>മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ resource teachers | പൂർവ വിദ്യാർത്ഥി സംഘടന |

# മേഖല യുപി ഇംഗ്ലീഷ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഇംഗ്ലീഷ് ഭാഷയിൽ കുട്ടികളുടെ പരിജ്ഞാനം മെച്ചപ്പെടുത്തുക.ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു. | ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു .<br>ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | |
| 2. | ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു.<br>ശരിയായി ഉച്ചാരണം ശ്രവിക്കുവാൻ അവസരംഒരുക്കുന്നു .<br>തെറ്റ് കൂടാതെ വായിക്കുവാൻ അവസരംനൽകുന്നു .<br>ഇംഗ്ലീഷ് ദിനപത്രം വായിക്കുന്നതിനുള്ള അവസരങ്ങൾ നൽക | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | |
| 3. | തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു . | | അക്കാദമിക വർഷം | | PTA |
| 4. | ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | മാസത്തിലെ വെള്ളിയാഴ്ചകളിൽ ഇംഗ്ലീഷ് day ആചരിക്കുന്നു.പാഠഭാഗവുമായി ബന്ധപ്പെട്ട കഥാഭാഗങ്ങൾ കണ്ടെത്തൽ അവതരണം<br>നാടകീ കരണം ,കഥാപ്രസംഗം<br>ഡ്രാമ ആൻഡ് തിയേറ്റർ -പാഠഭാഗത്തെനാടകീരണ സന്ദർഭങ്ങൾ കണ്ടെത്തുക | മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ക്ലബ് അംഗങ്ങൾ | |
| | | കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ ഡിക്ഷ്ണറി എന്നിവ തയ്യാറാക്കുന്നു | | | |
| | | സൂചന ബോർഡുകൾ പോസ്റ്ററുകൾ,നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു .<br>ഡ്രാമ ക്യാമ്പ് ന്യൂസിലേഷൻ സ്പീച്ച് -<br>ആക്ടിവിറ്റി -ഡ്രാമ സ്ക്രിപ്റ്റ് റൈറ്റിംഗ് അവതരണം | അക്കാദമിക വർഷം<br>വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | | | ആഴ്ചയിൽ ഒരിക്കൽ | | |
| | | | മാസത്തിൽ ഒരിക്കൽ | | |

# മേഖല യുപി ഹിന്ദി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | അഞ്ചാം ക്ലാസിലെ കുട്ടികളെ ഹിന്ദി ഭാഷ പരിചയപ്പെടുത്തുന്നു. | പുതിയ പദങ്ങൾ ,പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി ചൊല്ലി കൊടുത്ത പഠിപ്പിക്കും . ചിത്രങ്ങൾ അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | |
| 2. | 567 ക്ലാസുകളിൽ കുട്ടികളിൽ ഹിന്ദി അക്ഷരബോധം ഉറപ്പിക്കുന്നു.ഹിന്ദി അക്ഷരങ്ങളെ പരിചയപ്പെടാനും പഠിച്ചെടുക്കാനും അവസരമൊരുക്കുന്നു. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും | രണ്ട് വർഷത്തിനു-ള്ളിൽ | ഹിന്ദി അധ്യാപകർ resource persons | PTA |
| 3. | തെറ്റുകൂടാതെ ഹിന്ദിവായിക്കാനുള്ള ശേഷി കുഴിവ് വളർത്തിയെടുക്കുന്നു. | ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും വിദ്യാർത്ഥികൾക്ക് ക്യാമ്പ് അഭിനയപരിശീലനം | അക്കാദമിക വർഷം ആവശ്യാനുസരണം | ഹിന്ദി അധ്യാപകർ | പൂർവ വിദ്യാർത്ഥികൾ |

# യുപി ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| .1 | ശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാന തത്വങ്ങൾ കുട്ടികളിൽ രൂപപ്പെടുത്തുക ബന്ധപ്പെട്ട ആശയങ്ങളെ daily life-വുമായി ബന്ധപ്പെടുത്തൽ | ശാസ്ത്രരംഗത്തെ നേട്ട ങ്ങൾ പരിചയപ്പെടുത്തുക. നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | PTA |
| 2 | കുട്ടികളിൽ ശാസ്ത്രം പഠിക്കാനുള്ള ജിജ്ഞാസ വളർത്തിയെടുക്കുന്നു. | ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു<br>പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവിതചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം<br>പ്രഗൽഭരായ ശാസ്ത്രജ്ഞരുടെയും അവരുടെ കണ്ടുപിടുത്തങ്ങളെയും കുറിച്ച് ശേഖരിച്ച് പട്ടികപ്പെടുത്തുക | അക്കാദമിക വർഷം<br>അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ<br>ശാസ്ത്ര അധ്യാപകർ | School management |
| 3 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | പുസ്തകങ്ങളിലൂടെയും വിവിധ ശാസ്ത്രീയ തത്വങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്തുന്നു എന്ന് മനസ്സിലാക്കുക . കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രം മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം<br>ആവശ്യാനുസരണം | ശാസ്ത്ര അധ്യാപകർ | പൂർവ വിദ്യാർത്ഥികൾ |
| 4 | കുട്ടികൾക്കു മുമ്പിൽ ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ അവതരിപ്പിച്ച് ശാസ്ത്രത്തിൻറെ വിവിധ സാധ്യതകളെപ്പറ്റി ബോധവാന്മാരാക്കുക.കുട്ടികളിൽ ശാസ്ത്ര പഠനം പ്രോത്സാഹിപ്പിക്കുക | പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു.ഊർജ്ജ ക്ലബ്ബ് ആരോഗ്യ ക്ലബ്ബ് ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | | ശാസ്ത്ര ക്ലബ് അംഗങ്ങൾ | science club<br>പൂർവ വിദ്യാർത്ഥികൾ |
| 5 | ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുകനൂതന കണ്ടുപിടിത്തങ്ങൾ നടത്താനുള്ള ത്വര കുട്ടികളിൽ ഉണ്ടാക്കുക.കുട്ടികളിൽ ഗവേഷണോത്സുകത വർധിപ്പിക്കുക | ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നുആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. ശില്പശാലകൾ സംഘടിപ്പിക്കുന്നുഇലക്ട്രോണിക് റോബോട്ടിംഗ് സാധ്യതകൾ ഉപയോഗിച്ച് ഉപകരണ നിർമ്മാണം ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക.ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യുവാനുള്ള കൗതുകം കുട്ടികളിൽ വളർത്തിയെടുക്കുക. | അക്കാദമിക വർഷം<br>രണ്ട് വർഷത്തിനു-ള്ളിൽ | ശാസ്ത്ര അധ്യാപകർ | science club |

# യുപി സാമൂഹ്യശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1.<br><br><br><br><br><br><br><br>2.<br><br><br><br>3.<br><br><br><br><br>4.<br><br><br><br><br><br><br><br>5. | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ<br><br>പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക.<br><br>ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക.<br><br>പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു.സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു<br><br>റോഡ് സുരക്ഷയെക്കുറിച്ചു ട്രാഫിക് നിയമങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും വിദ്യാർഥികളെ ബോധവാന്മാരാക്കുന്നു.വിവര വിനിമയ സാങ്കേതികവിധിയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചുംകുട്ടികളെ ബോധവാന്മാരാക്കുന്നു . | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാനതല അറിവുകൾ പരീക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>അന്തർദേശീയ കാലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ,ഭൂപ്രകൃതി ,തലസ്ഥാനങ്ങൾ,വൈവിധ്യങ്ങൾ തുടങ്ങിയവ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു<br><br>ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം നടത്തി കുട്ടികളിൽ ചരിത്രവബോധം വളർത്തുന്നു<br><br>ഗ്രാമസഭ വാർഡ് എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യരീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു സ്കൂളിൽ ജനാധിപത്യ രീതിയില് ക്ലാസ് ലീഡർമാരെയും സ്കൂൾലീഡറെയും തിരഞ്ഞെടുക്കുന്നു<br>ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ആവശ്യമായ ബോധവൽക്കരണ ക്ലാസുകൾ കുട്ടികൾക്ക് നൽകുകയും ചെയ്യുന്നു<br>പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച വിദ്യാർഥികൾക്ക് കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു.<br><br>സാമൂഹ്യശാസ്ത്ര ക്ലബ്ബിൻറെ അഭിമുഖത്തിൽ സഹായത്തോടെ രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നി വിഷയങ്ങളിൽക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>സെപ്റ്റംബർ<br><br>ആഗസ്റ്റ് മാസം | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര ക്ലബ് അംഗങ്ങൾ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>ഹെഡ്മിസ്ട്രസ് | PTA<br>scouts,guides redcross |

# യുപി ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | കുട്ടികളെ ഗുണന പട്ടിക സങ്കലന പട്ടിക എന്നിവ ഉറപ്പാക്കൽ മുത്ത് മാല ഉപയോഗിച്ച് തുക കാണൽ സംഖ്യാ കാർഡ് നൽകൽ കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു നമ്പർ കാർഡ് മഞ്ചാടിക്കുരു മുത്തുകൾ എന്നിവ ഉപയോഗിക്കുന്നു. | ജൂൺ,ജൂലൈ മാസങ്ങൾ | ഗണിത അധ്യാപകർ | |
| 2. | രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ജോമട്രിക് ചാർട്ട് ഒറിഗാമിപസിലുകൾ കണക്കിലെ കളികൾ മാജിക് സ്ക്വയർ എന്നിങ്ങനെ വിവിധ രീതികളിൽ കുട്ടികളുടെ ഗണിതത്തിലുള്ള താല്പര്യം വർദ്ധിപ്പിക്കുന്നു.പ്രദർശനം സംഘടിപ്പിക്കൽ.ഗണിത ലാബ് സജ്ജീകരിക്കുന്നു.ജ്യാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ ഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐസിടി സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കാൻ കഴിയുന്നു . | അക്കാദമിക വർഷം | ഗണിത അധ്യാപകർ ഗണിത ക്ലബ് അംഗങ്ങൾ | |
| 3. | ഗണിതം മധുരമാക്കൽ ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ<br><br>ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഗണിത ലാബ് സജ്ജീകരിക്കുന്നു.ജ്യാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ ഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐസിടി സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കാൻ കഴിയുന്നു | അക്കാദമിക വർഷം | ഗണിത അധ്യാപകർ | |
| 4. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുന്നേറി നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായിട്ടുള്ള പ്രവർത്തനങ്ങൾ, Activity cards എന്നിവ നൽകുന്നു | ആഴ്ചയിൽ ഒരിക്കൽ | ഗണിത അധ്യാപകർ | |

# ഹൈസ്കൂൾ മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഭാഷാപരമായ അടിസ്ഥാന ശേഷികൾ കൈവരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക് തയ്യാറാക്കുന്നു. പ്രീ ടെസ്റ്റ് അക്ഷരമുറുപ്പിക്കൽ അക്ഷര കാർഡ് നൽകൽവാക്കുകൾ എഴുതിയ കാർഡ് വാക്കുകൾ നിർമിക്കുന്ന പ്രവർത്തനം വാക്യങ്ങൾ നിർമ്മിക്കൽ അടിക്കുറിപ്പുകൾ എഴുതുക ചിത്രം നൽകി കഥയെഴുതാൻ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | ജൂൺ,ജുലൈ മാസങ്ങൾ | മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ | |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക.മലയാളം തെറ്റുകൂടാതെ എഴുതാൻ പ്രാപ്തനാക്കുക. | വിവിധ നിലവാരക്കാർക്ക് അനുസൃതമായ പുസ്തകങ്ങൾ മാഗസിനുകൾ എന്നിവ ലഭ്യമാക്കുന്നു. ഭാഷാ ലാബ് തയ്യാറാക്കുന്നു ക്ലാസ് ലൈബ്രറി നവീകരിക്കൽ ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ സമീപ ഗ്രന്ഥശാല അംഗത്വം സംഘടിപ്പിക്കാൻ പത്രവായന പുസ്തക ചർച്ച വായന അനുഭവംആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും ആസ്വാദ്യകരമായ വായന | നവംബർ മാസം | മലയാളം ക്ലബ് അംഗങ്ങൾ<br>മലയാളം അധ്യാപകർ | പൂർവ വിദ്യാർത്ഥികൾ<br>പി.ടി.എ |
| 3. | മലയാള സാഹിത്യത്തിൽ കൂടുതൽ താല്പര്യം ജനിപ്പിക്കുക<br>സഭാകമ്പം മാറ്റുക. | പ്രസംഗ പരിശീലന കളരി വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്ന പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | അക്കാദമിക വർഷം | resource person | പൂർവ വിദ്യാർത്ഥികൾ |

# ഹൈസ്കൂൾ –ഇംഗ്ലീഷ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് ഇംഗ്ലീഷ് ലൈബ്രറി നവീകരണം ഇംഗ്ലീഷ് കോർണർ സ്റ്റോറി ടൈം ഇംഗ്ലീഷ് അസംബ്ലികുട്ടികളെ ക്ലാസ്സിൽ ഇംഗ്ലീഷ് സംസാരിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുന്നു ക്ലാസുകളിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ ആസ്പദമാക്കി ഇംഗ്ലീഷ് സ്കിറ്റ് Role play എന്നിവ കളിക്കുന്നു | മാസത്തിൽ ഒരിക്കൽ അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ ഇംഗ്ലീഷ് ക്ലബ് അംഗങ്ങൾ | പി.ടി.എ |
| 2. | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | ചിത്ര വായന ലഘു കഥ നിർമ്മാണം പബ്ലിക് സ്പീക്കിംഗ് ഇംഗ്ലീഷ് പത്രവായന പത്രവാർത്തകൾ തയ്യാറാക്കൽ അസംബ്ലിയിൽ ന്യൂസ് വായിക്കൽ ന്യൂസ് റീഡിങ് കോമ്പറ്റീഷൻസ് | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | |
| 3. | സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക. സ്വതന്ത്രമായഎഴുത്തിന് സജ്ജരാക്കുക. നാടകീകരണം കവിതാലാപനത്തിനും കവിതാരചനയ്ക്കും പ്രാപ്തരാക്കുന്നു.ഇംഗ്ലീഷ് പ്രസംഗങ്ങൾ പറയാൻ | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം കവിതാരചന ആലാപന മത്സരങ്ങൾ നടത്തുന്നു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നുഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കൽ പ്രശസ്ത എഴുത്തുകാർ വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു ഇംഗ്ലീഷ് ഫെസ്റ്റ് ഇംഗ്ലീഷ് സിനിമകൾ കാണാനുള്ള അവസരം എന്നിവ ഒരുക്കുന്നു | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ ഇംഗ്ലീഷ് അധ്യാപകർ resource persons | |
| 4. | സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുന്നു സംവാദ സദസ്സുകൾ സംഘടിപ്പിക്കുക | | രണ്ട് വർഷത്തിനു-ള്ളിൽ | | പൂർവ വിദ്യാർത്ഥികൾ |

# ഹൈസ്കൂൾ സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | കൗതുകം നിരീക്ഷണ പാടവം, ജിഞ്ജാസ എന്നിവ പരിപോഷിപ്പിക്കുക. | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചുകൊടുക്കാൻ അവസരം നൽകുന്നു സയൻസുമായി ബന്ധപ്പെട്ട മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്തു കുട്ടികളെക്കൊണ്ട് അവ നിർമിപ്പിക്കുന്ന കടഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്യിപ്പിക്കുന്നു അതുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്ര അധ്യപകർ | Science club |
| 2. | ശാസ്ത്ര ലോകത്തേക്ക് - നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | ക്ലാസുകളിലെ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മികച്ചത് സ്കൂളിൽ അസംബ്ലിയിൽ അവതരിപ്പിക്കുന്നുശാസ്ത്ര ശില്പശാലകൾ വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുന്നു ശാസ്ത്ര ലൈബ്രറി ശാസ്ത്ര മാസിക പ്രസിദ്ധീകരണം സയൻസ് ലാബ്ആധുനികവൽക്കരിക്കുന്നു | രണ്ട് വർഷത്തിനു-ള്ളിൽ | SRG<br>ശാസ്ത്ര ക്ലബ് അംഗങ്ങൾ | പൂർവ വിദ്യാർത്ഥികൾ |
| 3. | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ ഉള്ള സൗകര്യത്തിൽ പച്ചക്കറി തോട്ടം ഔഷധത്തോട്ടംഫലവൃക്ഷത്തോട്ടം പൂന്തോട്ടം എന്നിവ നിർമിക്കൽസമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ് അംഗങ്ങൾ | PTA<br>science club |
| 4. | വൈജ്ഞാനിക ബഹിർസ്ഫുരണം -അന്വേഷണ ത്യഷ്ണ വർദ്ധിപ്പിക്കൽ | പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടുപിടുത്തങ്ങളും പരിചയപ്പെടുത്തുന്നു വിവിധ ശാസ്ത്ര സെമിനാറുകളിൽ പങ്കെടുക്കാനുള്ള അവസരങ്ങൾ ഒരുക്കുന്നു ശാസ്ത്രമേഖലയിൽ നേട്ടങ്ങൾ കൈവരിച്ചവരുമായിട്ടുള്ള അഭിമുഖങ്ങൾ | രണ്ട് വർഷത്തിനു-ള്ളിൽ | ശാസ്ത്ര അധ്യപകർ | പി.ടി.എ |

# ഹൈസ്കൂൾ - സാമൂഹ്യ ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു സാമൂഹ്യ ശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക പഠന പാക്കേജുകൾ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ school management | |
| 2. | പൗരബോധം മൂല്യബോധം എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുക. സാമൂഹിക പ്രതിബദ്ധത ഉള്ളവരാക്കുക. മതേതരത്വം, സഹിഷ്ണുത, സാഹോദര്യം എന്നിവ വളർത്തുക | സ്കൂൾ പാർലമെൻറ് പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു ആകാശ കാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു സർവ്വേ പ്രൊജക്റ്റ് ചർച്ചകൾ സംവാദം ക്ലാസുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | പൂർവ വിദ്യാർത്ഥികൾ | |
| 3. | ഭൂപട വായന കുട്ടികളിൽ വളർത്തുക. സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക. | ഭൂപട വായന പ്രോത്സാഹിപ്പിക്കുന്നു അറ്റ്ലസ് മാപ്പുകൾ ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു | രണ്ട് വർഷത്തിനുള്ളിൽ | | |
| 4. | കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തിയെടുക്കുക. വ്യത്യസ്തഇനം മണ്ണിനങ്ങളെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ, സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക. | ഭൂമി ശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നുസാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്നക്വിസ്സുകൾ ദിനാചരണങ്ങൾ സംവാദം എന്നിവ നടത്തുന്നുവിവിധ മേഖലകളെ കുറിച്ച് കുട്ടികളെ ജവബോധം സൃഷ്ടിക്കുന്ന | അക്കാദമിക വർഷം | social science club | |

# മേഖല ഹൈസ്കൂൾ ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഗണിതക്രിയകളിലുള്ള പിന്നോക്ക അവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് പട്ടിക ഉറപ്പാക്കാൻ ഗണിത ക്രിയകളെ നിത്യജീവിതവുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ | ജൂൺ ആദ്യവാരം | ഗണിത അധ്യപകർ | പി.ടി.എ) |
| 2. | ആശയധാരണ കൈവരിക്കൽ നിർമ്മിതികളിലെ ശേഷി കൈവരിക്കൽ ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ ഗണിതരൂപങ്ങൾ അളവുകൾ പരിചയപ്പെടൽ. | അധ്യാപകർ കാലാനുസൃതമായി ചെയ്തത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനമുറപ്പിക്കുന്നു. | അക്കാദമിക വർഷം | SRG | maths club<br>പൂർവ വിദ്യാർത്ഥികൾ |
| 3. | ഗണിതം മധുരമാക്കൽ ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ ഗണിത മത്സരവേദിയിലേക്ക് മേളകളെ ഊർജ്ജസ്വലത കൈവരിക്കൽ .<br>ഗണിത ലാബ് ഗണിത മാഗസിൻ നിർമ്മാണം ശില്പശാലകൾ ഫീൽഡ് ട്രിപ്പ് മാത്സ് ക്ലബ് പ്രവർത്തനങ്ങൾ സംഘപഠനം ഗണിത ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ ഗണിതശാസ്ത്രജ്ഞൻമാരെ കുറിച്ചുള്ള പഠനം ജ്യാമിതീയും പ്രകൃതിയുമായുള്ള ബന്ധം ഗണിതരൂപങ്ങൾ പരിചയപ്പെടൽ | അക്കാദമിക വർഷം | ഗണിത അധ്യപകർ<br>ഗണിത ക്ലബ് അംഗങ്ങൾ | maths club |
| | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുന്നേറി നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായിട്ടുള്ള പ്രവർത്തനങ്ങൾ, Activity cards എന്നിവ നൽകുന്നു | അക്കാദമിക വർഷം | ഗണിത അധ്യപകർ | |

## മേഖല -ഹൈസ്കൂൾ ഹിന്ദി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | മാതൃഭാഷയെപോലെ ഹിന്ദിയും നന്നായി കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും<br>വിദ്യാർത്ഥികൾക്ക് ക്യാമ്പ് അഭിനയ പരിശീലനം | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | പി.ടി.എ |
| 2. | തെറ്റുകൂടാതെ ഹിന്ദി വായിക്കാനുള്ള ശേഷി കുട്ടികളിൽ വളർത്തിയെടുക്കുന്നു.ഹിന്ദിയിൽ എഴുതാനും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് വളർത്തിയെടുക്കുന്നു. | ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം നൽകാൻ<br>കഥ വായന കവിത വായന എന്നിവയ്ക്ക് അവസരം നൽകുകയുമായി ബന്ധപ്പെട്ട സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | SRG | |
| 3. | വിവർത്തകർ വാർത്ത വായനക്കാർ ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുന്നു | സ്കൂൾഅസംബ്ലി ഹിന്ദിയിൽ നടത്താൻ പ്രോത്സാഹിപ്പിക്കുന്നു സ്കൂളിൽ ഹിന്ദിയിൽ ന് വാർത്തകൾ വായിക്കുന്നുഹിന്ദി സിനിമകൾ,വാർത്ത കാണിക്കാനുള്ള സൗകര്യം ഒരുക്കുക ഹിന്ദി മാതൃഭാഷ ആയിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠന യാത്ര | അക്കാദമിക വർഷം<br>വർഷത്തിൽ ഒരിക്കൽ | അധ്യാപകർ | പി.ടി.എ<br>പൂർവ വിദ്യാർത്ഥികൾ |

## മേഖല – IT

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ഐസിടി സഹായത്തോടെ പൂർത്തീകരിക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക | ഐ സി ടി പഠന വിഭവങ്ങൾ സ്കൂൾതലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾതലത്തിൽ ഐസിടി ശില്പശാലകൾ സംഘടിപ്പിക്കുന്നു. വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക. | അക്കാദമിക വർഷം | ഹെഡ്മിസ്ട്രസ് എെെടി അധ്യാപകർ | എെെടി ക്ലബ് പി.ടി.എ |
| 2. | ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്ന അതോടൊപ്പം ദുരുപയോഗം നടക്കുന്നു ഇത്തരം ദുരുപയോഗങ്ങളെ കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം മാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിന് ആവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കു | അക്കാദമിക വർഷം | എെെടി അധ്യാപകർ | പി.ടി.എ<br>എെെടി ക്ലബ് |
| 3. | നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ്വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക. | സ്വതന്ത്ര സോഫ്റ്റ്വെയറുകളുടെ പ്രചരണം കുട്ടികളിലൂടെ നടത്തുന്നു വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ചുകൊണ്ട് ക്ലാസ്സ് റൂമുകൾ കൂടുതൽ സജീവമാക്കുന്നു | ഒരു വർഷത്തിനു-ള്ളിൽ | എെെടി അധ്യാപകർ | എെെടി ക്ലബ് |

# മേഖല - കലാകായികം പ്രവർത്തിപരിചയം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും കലാകായിക പരിശീലനം പ്രതിഭ തെളിയിക്കൽ | ചിത്രകലയെ കുറിച്ചുള്ള ക്ലാസുകൾ പെയിൻറിംഗ് ക്ലേ മോഡലിംഗ് എന്നിവയിൽ താല്പര്യം ഉള്ള മുഴുവൻ കുട്ടികൾക്കും പരിശീലനം അഭിനയ ശില്പശാല കുട്ടികളുടെ കലാസന്ധ്യ അസംബ്ലി ദിനാചരണങ്ങൾബാലസഭ എന്നിവ സജീവമാക്കൽ | അവധിക്കാലം മാസത്തിൽ ഒരിക്കൽ | ഹെഡ്മിസ്ട്രസ് കലാ അധ്യാപകർ | PTA |
| 2. | കുട്ടികളുടെ ഉള്ളിൽ അന്തർലീനമായിരിക്കുന്ന സവിശേഷ ശേഷികളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.. | നൃത്തംസംഗീതം എന്നിങ്ങനെ വിവിധ കലകളിൽ പരിശീലനം കുട്ടികളുടെ സർഗ്ഗസൃഷ്ടികളുടെ പ്രദർശനംകലാ ക്യാമ്പുകൾ സംഘടിപ്പിക്കൽനാടൻപാട്ട് പരിശീലനം വാദ്യോപകരണ പരിശീലനം | ആഴ്ചയിൽ ഒരിക്കൽ അക്കാദമിക വർഷം | കലാ അധ്യാപകർ | പൂർവ വിദ്യാർത്ഥികൾ |
| 3. | സ്വയം തൊഴിലിൽ മേഖലയിലേക്ക് കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു | കരകൗശല നിർമ്മാണ ശില്പശാല പ്രദർശനം പ്രവർത്തിപരിചയ ശില്പശാല കായിക പരിശീലനം മത്സരത്തിൽ പങ്കെടുപ്പിക്കൽ ചോക്ക് കുട അഗർബത്തീസ് എന്നിങ്ങനെ പലതരത്തിലുള്ള വസ്തുക്കളുടെ നിർമ്മാണം | അവധിക്കാലം ഏപ്രിൽ, മെയ് മാസങ്ങൾ | | PTA |
| 4. | ശാരീരിക മാനസിക ആരോഗ്യം പരിപോഷിപ്പിക്കൽ | യോഗ പരിശീലനം ആഴ്ചയിലൊരിക്കൽ കരാട്ടെ ക്ലാസുകൾഫുട്ബോൾ വോളിബോൾ ബാഡ്മിൻറൺ എന്നിങ്ങനെ മത്സരങ്ങളിൽ പരിശീലനം ചെസ്സ് റൂബിക്സ് ക്യൂബ് എന്നിങ്ങനെയുള്ള മത്സരങ്ങൾ നടത്തൽ | അക്കാദമിക വർഷം ഒരു വർഷത്തിനു-ള്ളിൽ | റിസോഴ്സ് അധ്യാപകർ<br>കായിക അധ്യാപകർ | |

## മേഖല – IEDC

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പ്രത്യേക പരിഗണന അർഹിക്കുന്ന CWSN കുട്ടികളെ മറ്റു കുട്ടികളോടൊപ്പം തന്നെ പഠിക്കുവാനുള്ള അവസരം നൽകുന്നു പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗത്തോട് സഹാനുഭൂതി വളർത്തിയെടുക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു ന്നു | കുട്ടികളുടെ ശാരീരിക മാനസിക പരിമിതികൾ പരിഗണിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു ക്ലാസിലെ CWSN / IED കുട്ടികളെ പരിചരിക്കുന്നതിന് മറ്റു കുട്ടികൾക്ക് അവസരങ്ങൾ നൽകുന്നു IQ ടെസ്റ്റിലൂടെയും മറ്റു സാങ്കേതിക വിദ്യകളിലൂടെയും പന നിലവാരം മെച്ചപ്പെടുത്തുന്നു പഠനകാര്യങ്ങളിൽ റിസോഴ്സ് ടീച്ചറിന്റെ സേവനം പ്രയോജനപ്പെടുത്തു | അക്കാദമിക വർഷം | ഹെഡ്മിസ്ട്രസ്<br><br>ക്ലാസ് അധ്യാപകർ<br><br>റിസോഴ്സ് അധ്യാപകർ | IEDC സ്കോളർഷിപ്പ് |

# ഉപസംഹാരം

***സെൻറ് ജോർജ് ഹൈസ്കൂൾ*** അടുത്ത *5* വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയപ്പോൾ മികവിന് ഒപ്പം ഭൗതിക അക്കാദമിക മേഖലകളിലെ പരിമിതികളും പോരായ്മകളും കണ്ടെത്താൻ സാധിച്ചു. പഠിതാക്കൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുമ്പോൾ ഭൗതിക സാഹചര്യങ്ങളെയും ആ തലത്തിലേക്ക് ഉയർത്തേണ്ടത് അനിവാര്യമാണ്. ഉയർന്ന നിലവാരത്തിൽ പത്താം ക്ലാസ് പാസാക്കുന്ന കുട്ടികൾക്ക് അതേ നിലവാരത്തിൽ പ്ലസ്ടു വിദ്യാഭ്യാസവും ലഭ്യമാക്കേണ്ടതാണ്. അടുത്ത അഞ്ചു വർഷങ്ങൾക്കുള്ളിൽ ഈ സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി നല്ല നിലവാരത്തിലുള്ള ഒരു വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുവാൻ സാധിക്കും എന്ന ഉറച്ച വിശ്വാസത്തോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അംഗീകാരത്തിനായി സമർപ്പിക്കുന്നു .